

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/09/2023.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. പുന്നപ്ര, അമ്പലപ്പുഴ സൗത്ത്, നെടുമുടി, ചമ്പക്കുളം, കൈനകരി, എടത്വാ, കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിലെ ചില ഭാഗങ്ങളിൽ മാത്രമാണ് കീടസാന്നിദ്ധ്യം കൂടുതലായി കണ്ടെത്തിയത്. ഇപ്പോഴത്തെ കാലാവസ്ഥ മുഞ്ഞയുടെ വംശവർദ്ധനവിന് അനുകൂലമായിരുന്നതിനാൽ കർഷകർ ജാഗ്രത പുലർത്തേണ്ടതും നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. മുഞ്ഞയ്ക്കെതിരെ രാസകീടനാശിനി പ്രയോഗം നടത്തുന്നതിന് മുമ്പ് കർഷകർ നിർബന്ധമായും സാങ്കേതിക ഉപദേശം തേടിയിരിക്കണം. ശുപാർശ പ്രകാരം അല്ലാതെയുള്ള കീടനാശിനികൾ തളിക്കുന്നത് കീടബാധ കൂടുതൽ ഇടങ്ങളിലേയ്ക്ക് ബാധിക്കുന്നതിന് കാരണമാകും. നിലവിൽ എല്ലായിടത്തും രാസകീടനാശിനി പ്രയോഗം നടത്തേണ്ട സാഹചര്യമില്ല. കീടനിരീക്ഷണ കേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് ചമ്പക്കുളം 9400142409, നെടുമുടി 8547865338, കൈനകരി 9961392082, എടത്വാ 9633815621, തകഴി 9496764141, ആലപ്പുഴ 7034342115, പുളിങ്കുന്ന് 9567819958, കരുവാറ്റ 8281032167, പുന്നപ്ര 9074306585, അമ്പലപ്പുഴ 9747731783, പുറക്കാട് 9747962127 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു തരുന്നതാണ്.

## പരിശീലന പരിപാടി

3. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18 മുതൽ 30 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ സെപ്റ്റംബർ 16ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. രജിസ്ട്രേഷൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, **0471 2440911** എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (കെയ്കോ) കീഴിൽ കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (എ.ഐ.ടി.ഐ) സർക്കാർ അംഗീകാരമുള്ള ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷീനറീസ് എന്ന രണ്ട് വർഷത്തെ കെ.ജി.സി.ഇ കോഴ്സിലേയ്ക്ക് അഡ്മിഷൻ തുടരുന്നു. ആധുനിക കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ആധുനിക കൃഷി രീതികൾ നടപ്പിലാക്കുന്നതിനുമുള്ള പരിശീലനം ഈ കെ.ജി.സി.ഇ കോഴ്സ് -ലൂടെ ലഭ്യമാകുന്ന രീതിയിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0475-2229448, 9567827344, 9847882327 എന്നീ നമ്പറുകളിലോ, www.polyadmission.org/kgce എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

5. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'അലങ്കാര മത്സ്യകൃഷി' എന്ന വിഷയത്തിൽ 20.09.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി 19.09.2023. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487 2370773

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സെപ്റ്റംബർ 18 മുതൽ 22 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന അഖിലേന്ത്യ ഏകോപിത ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ തൃശൂർ ജില്ലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് **"ഔഷധസസ്യങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും"** എന്ന വിഷയത്തിൽ ഒരു സൗജന്യ ഏകദിന പരിശീലന പരിപാടി സെപ്തംബർ അവസാനവാരം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് പങ്കെടുക്കുവാൻ അവസരം. താത്പര്യമുള്ളവർ, രജിസ്റ്റർ ചെയ്യുന്നതിനായി 18.9.2023 തീയതി 4 മണിക്ക് മുൻപായി 10 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ 9188498477, 0487 2438477 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിശീലന പരിപാടികൾ 2023 സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ഈ മാസം 15 ന് കേക്ക് നിർമാണവും അലങ്കാരവും, 19 ന് മുട്ടക്കോഴി വളർത്തൽ, 20 ന് അലങ്കാരമത്സ്യകൃഷി, 29 ന് തേനീച്ച വളർത്തൽ എന്നിവയിലാണ് പരിശീലനം. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം